**കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : ഡോ. അരുൺ.എസ്. നായർ ഐ.എ.എസ്)**

**കോളേജ്** വിദ്യാഭ്യാസ വകുപ്പ് - അധ്യാപക ജീവനക്കാര്യം - സംസ്കൃത (വ്യാകരണ) വിഭാഗം പൊതു സ്ഥലം മാറ്റം 2025-2026 ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ : DCETVM/4667/2025-B4 തീയതി : 10-06-2025

---

പരാമർശം:- 1. ഈ ഓഫീസിലെ 21.02.2025 തീയതിയിലെ DCETVM/2074/2025-B2 നമ്പർ സർക്കുലർ.

2. ഈ കാര്യാലയത്തിലെ 15.05.2025 ലെ DCETVM/4667/2025-B4 നമ്പർ നടപടി ക്രമം

**ഉത്തരവ്**

സർക്കാർ കോളേജുകളിലെ സംസ്കൃത (വ്യാകരണ) വിഭാഗം അദ്ധ്യാപകരുടെ 2025-2026 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം 2 പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് ഉത്തരവ് പ്രസിദ്ധീകരിച്ച് 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു. സംസ്കൃത (വ്യാകരണ) വിഭാഗത്തിൽ പരാതികളൊന്നും ലഭിക്കാത്തതിനാൽ ചുവടെ ചേർക്കുന്ന പ്രകാരം സർക്കാർ കോളേജ് സംസ്കൃത (വ്യാകരണ) വിഭാഗം അദ്ധ്യാപകനെ ടിയാന്റെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, PEN, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | **ഡോ. റെനിൽ ദേവ് എം. ആർ.**<br>PEN 628500<br>ഗവൺമെൻറ് സംസ്കൃത കോളേജ്<br>തിരുവനന്തപുരം.<br>(അപേക്ഷ) | ഗവൺമെൻറ് സംസ്കൃത കോളേജ്<br>തൃപ്പൂണിത്തുറ<br>(നിലവിലെ ഒഴിവ്) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ

പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

**ഡോ. അരുൺ.എസ്. നായർ ഐ.എ.എസ്.**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (i/c)**

പകർപ്പ് :-

1. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
2. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്.
3. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്.
4. സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
5. എ / ബി സെക്ഷൻ സൂപ്രണ്ട്
6. അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം

Signed by
Arun S Nair
Date: 10-06-2025 13:36:27